ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

നം.ഇ.എക്സ്.II/16956/എച്ച്.എസ്.ഇ./2011

തീയതി : 15/11/2014

## സർക്കുലർ

വിഷയം : 2015 മാർച്ചിൽ നടക്കുന്ന ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി പരീക്ഷകൾക്ക് ഫീസ് അടയ്ക്കേണ്ട അവസാന തീയതികൾ നീട്ടിവച്ചിരിക്കുന്നത് – സംബന്ധിച്ച്.

2015 മാർച്ചിൽ നടക്കുന്ന ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി പരീക്ഷകൾക്ക് ഫീസ് അടയ്ക്കേണ്ട അവസാന തീയതികൾ നീട്ടിവച്ചിരിക്കുന്നു. ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് പിഴ ഒടുക്കാതെ ഫീസ് അടയ്ക്കേണ്ടുന്ന അവസാന തീയതി ഡിസംബർ 5 –ലേക്കും ഇരുപത് രൂപ പിഴയോടുകൂടി ഫീസ് അടയ്ക്കേണ്ടുന്ന അവസാന തീയതി ഡിസംബർ 10 –ലേക്കും ഓരോ ദിവസത്തിനും 5 രൂപ അധികപിഴയോടുകൂടി ഫീസടയ്ക്കേണ്ടുന്ന അവസാന തീയതി ഡിസംബർ 15 –ലേക്കും 600 രൂപ സൂപ്പർ ഫൈനോടുകൂടി ഫീസ് അടയ്ക്കേണ്ടുന്ന തീയതി ഡിസംബർ 22 –ലേക്കുമാണ് നീട്ടിവച്ചിട്ടുള്ളത്. മറ്റ് തീയതികൾക്ക് നേരത്തേ പ്രഖ്യാപിച്ചതിൽ നിന്നും മാറ്റമില്ല.

രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് ഓരോ ദിവസത്തിനും 5രൂപ അധികപിഴയോടുകൂടി ഫീസടയ്ക്കേണ്ടുന്ന അവസാന തീയതി നവംബർ 28 –ലേക്കും 600 രൂപ സൂപ്പർ ഫൈനോടുകൂടി ഫീസ് അടയ്ക്കേണ്ടുന്ന തീയതി ഡിസംബർ 5 –ലേക്കുമാണ് നീട്ടിവച്ചിട്ടുള്ളത്. മറ്റ് തീയതികൾക്ക് നേരത്തേ പ്രഖ്യാപിച്ചതിൽ നിന്നും മാറ്റമില്ല.

ഡോ.കെ.മോഹനകുമാർ
സെക്രട്ടറി,
ബോർഡ് ഓഫ് ഹയർസെക്കന്ററി
എക്സാമിനേഷൻസ്, കേരളം.

To

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടേയും അറിവിലേയ്ക്കായി.